# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.697 — 05/06/2018-ൽ മറുപടിക്ക്

### സ്വകാര്യ മേഖലയിൽ ചെറുകിട വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി

| | ചോദ്യം<br>**ശ്രീ.റോജി എം. ജോൺ** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി സ്വകാര്യ മേഖലയിൽ ചെറുകിട വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം 47MW സ്ഥാപിതശേഷി വരുന്ന 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | തൃശ്ശൂർ കോർപ്പറേഷന് ചെറുകിട വൈദ്യുത പദ്ധതി ആവിഷ്കരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. 4 ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിനായുള്ള അനുമതി നൽകിയിട്ടുണ്ട്. 10 MW ആവേർകുട്ടി, 10 MW കണ്ണൻകുഴി, 4MW കാഞ്ഞിരകൊല്ലി, 1.5 MW ഇട്ടിയാനി. |
| (സി) | സ്വകാര്യ വൈദ്യുത ഉല്പാദകരിൽ നിന്ന് വാങ്ങുന്ന വൈദ്യുതിക്ക് കെ.എസ്.ഇ.ബി.ഏകീകൃത വിലയാണോ നൽകുന്നത്; അല്ലെങ്കിൽ ഇതിന്റെ വില നൽകുന്നത് കേരള സ്റ്റേറ്റ് വൈദ്യുത റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലാണോ; വ്യക്തമാക്കുമോ ; | (സി) | അല്ല. നിലവിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും സർക്കാർ ഇതിനകം അനുമതി നല്കിയിട്ടുള്ള ജലവൈദ്യുത പദ്ധതികളിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് കേരള സ്റ്റേറ്റ് വൈദ്യുത റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കാണ് കെ.എസ്.ഇ.ബി നൽകുന്നത്. പുതിയതായി ആരംഭിക്കുന്ന സ്വകാര്യ ജലവൈദ്യുത പദ്ധതികൾക്ക് മത്സാരാധിഷ്ഠിത ടെണ്ടർ വഴി കണ്ടെത്തുന്ന നിരക്ക് ബാധകമാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | നിലവിൽ സ്വകാര്യ ചെറുകിട ഉല്പാദകരിൽ നിന്നും കെ.എസ്.ഇ.ബി വിലയ്ക്ക് വാങ്ങുന്ന വൈദ്യുതിക്ക് നല്കുന്ന വില എത്രയെന്ന് വ്യക്തമാക്കുമോ ? | (ഡി) | നിലവിൽ സ്വകാര്യ ചെറുകിട വൈദ്യുത ഉല്പാദകരിൽ നിന്നും കെ.എസ്.ഇ.ബി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച ചുവടെ ചേർത്തിരിക്കുന്ന നിരക്കിലാണ് വൈദ്യുതി വാങ്ങുന്നത്. |

| | | | |
|---|---|---|---|
| 1 | അള്ളുങ്കൽ | 7 MW | 2.44 രൂപ/യൂണിറ്റ് |
| 2 | കാരിക്കയം | 10.5 MW | 4.16 രൂപ/യൂണിറ്റ് |
| 3 | മീൻവല്ലം | 3 MW | 4.88 രൂപ/യൂണിറ്റ് |
| 4 | കല്ലാർ | 50 KW | 4.88 രൂപ/യൂണിറ്റ് |
| 5 | മാങ്കുളം | 2x55 KW | 4.88 രൂപ/യൂണിറ്റ് |
| 6 | പതങ്കയം | 8 MW | 3.49 രൂപ/ യൂണിറ്റ്* |

*(വൈദ്യുതി വാങ്ങൽ കരാർ തീരുമാനത്തിനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നതിനാൽ ബോർഡ് അംഗീകരിച്ച ഇടക്കാല നിരക്ക്).

7. വിയാറ്റ് (I&II) 3MW + 1.5 MW

പ്രതിവർഷ ഉല്പാദനത്തിന്റെ ആദ്യത്തെ 11.92 ദശ ലക്ഷം യൂണിറ്റ്, യൂണിറ്റിന് 2.70 രൂപ നിരക്കിലും പിന്നീടുള്ള 3.87 ദശ ലക്ഷം യൂണിറ്റ് യൂണിറ്റിന് 2.94 രൂപ നിരക്കിലും ഇതിൽ കവിഞ്ഞുള്ള ഉല്പാദനത്തിന് 11.92:3.87 എന്ന അനുപാതത്തിൽ മേൽപറഞ്ഞ അതാത് നിരക്കിലുമാണ് വാങ്ങുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം

പദ്ധതികളും ജില്ല

| നമ്പർ | പദ്ധതിയുടെ പേര് | ജില്ല |
|---|---|---|
| 1 | ആറ്റ് ലെ I | പാലക്കാട് |
| 2 | ആറ്റ് ലെ II | പാലക്കാട് |
| 3 | ബാലൻതോട് | ഇടുക്കി/എറണാകളം |
| 4 | ചെറുപുഴ മിനി HEP | മലപ്പുറം |
| 5 | ഇടത്തനാൽകുത്ത് | ഇടുക്കി/എറണാകളം |
| 6 | ഫർലോങ്കര | കണ്ണൂർ |
| 7 | കക്കടാംപോയിൽ II | കോഴിക്കോട് |
| 8 | കങ്ങപ്പുഴ | ഇടുക്കി |
| 9 | കാഞ്ഞിരപ്പുഴ | പാലക്കാട് |
| 10 | കിള്ളിക്കല്ല് | കോഴിക്കോട് |
| 11 | കുളിരാമുട്ടി | കോഴിക്കോട് |
| 12 | മന്തൻപോറ്റി | പാലക്കാട് |
| 13 | മുള്ളരിങ്കാട് | ഇടുക്കി?എറണാകളം |
| 14 | ഓണിപ്പുഴ | കോഴിക്കോട് |
| 15 | പഴുക്കക്കാനം | കോട്ടയം/ഇടുക്കി |
| 16 | പേരുവ | കണ്ണൂർ |
| 17 | പൊത്തൻതോട് I | കണ്ണൂർ |
| 18 | തിപ്പ്ളിക്കയം | പാലക്കാട് |
| 19 | ഉറുട്ടിപ്പുഴ | കണ്ണൂർ |
| 20 | വാലൻതോട് – II | മലപ്പുറം |